**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *75 — 30.11.2018 ലെ മറുപടിയ്ക്ക്

**<u>പട്ടികവിഭാഗ ഹോസ്റ്റലുകളിലെ ക്രമക്കേടുകൾ</u>**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എം.ഷാജി : | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികവിഭാഗ ഹോസ്റ്റലുകളിൽ വ്യാപക ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചില ഹോസ്റ്റലുകളിൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ചെറിയ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതായി അറിയുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (സി) | |
| (ഡി) | ഹോസ്റ്റലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ വകുപ്പുതല ഉന്നത ഉദ്യോഗസ്ഥർ ഹോസ്റ്റലുകൾ സന്ദർശിക്കുകയും ഹോസ്റ്റലുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിർദ്ദേശം നൽകുകയും സമയബന്ധിതമായി അവ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. വാർഡൻ, |

| | | | |
|---|---|---|---|
| | | | കുക്ക്, വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് പുറമേ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് MCRT മാരെയും വിവിധ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിന് ട്യൂഷൻ അധ്യാപകരെയും നിയമിച്ചിട്ടുണ്ട്.<br>അലുമിനിയം പാത്രങ്ങളിലുള്ള പാചകം പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പുതിയ കെട്ടിടങ്ങൾ ആവശ്യമായ ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും, മെയിന്റനൻസ്, പെയിന്റിംഗ് തുടങ്ങിയവ ആവശ്യമായ കെട്ടിടങ്ങൾക്ക് അത്തരത്തിലുള്ള പ്രവൃത്തികളും അടിയന്തിരമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിൽ യൂനിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തു വരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളിൽ നവീകരണം നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ